"ഭരണഭാഷ-മാതൃഭാഷ"

നമ്പർ. ബി 640/2020

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട് - 673 017
ഫോൺ നമ്പർ - 0495 2356805
ഫാക്സ് നമ്പർ - 0495 2357329
ഇ-മെയിൽ - kirtads@kerala.gov.in
തീയതി : 09/03/2020.

## ലേല പരസ്യം

കിർടാഡ്സ് ഹെഡ്ക്വാട്ടേഴ്സ് പരിസരത്തെ ഫലവൃക്ഷങ്ങളിൽ നിന്നും ഒരു വർഷത്തെ കാലയളവിൽ ലഭ്യമാക്കുന്നതും അവയുടെ യോഗ്യമായ കായ്ഫലങ്ങൾ (തേങ്ങ, മാങ്ങ, ചക്ക മുതലായവ) എടുക്കുന്നതിനുമുള്ള അവകാശം 2020 മാർച്ച് 20-ാം തീയതി ആഫീസ് പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് 500/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലം കഴിഞ്ഞാൽ ലേലം ലഭിക്കാത്തവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. സർക്കാർ ലേലം സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്. പരസ്യലേലത്തോടൊപ്പം മുദ്രവെച്ച കവറുകളിൽ ക്വട്ടേഷനുകളും സ്വീകരിക്കുന്നു. ക്വട്ടേഷന്റെ കൂടെയും 500/- രൂപ നിരതദ്രവ്യം സീൽഡ് കവറിൽ " ഡയറക്ടർ, കിർടാഡ്സ്, കോഴിക്കോട് " എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഹാജരാക്കേണ്ടതാണ്. ഈ കവറുകൾ ലേലത്തിന്റെ തലേ ദിവസം (പ്രവൃത്തിദിനം 18/03/2020) വൈകുന്നേരം 5.00 മണി വരെ സ്വീകരിക്കുന്നതായിരിക്കും.

ലേലത്തിനു ശേഷം കവറുകൾ തുറന്നു പരിശോധിക്കുന്നതും, ലേലത്തിലോ, ക്വട്ടേഷനിലോ ഏതാണ് കൂടുതൽ, ആ തുകയായിരിക്കും ലേലം ഉറപ്പിക്കുക.

ലേലം ഉറപ്പിക്കപ്പെട്ടയാൾ അപ്പോൾ തന്നെ വാഗ്ദാനം ചെയ്ത തുകയുടെ 50% അടക്കേണ്ടതാണ്. ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ അടക്കേണ്ടതാണ്. ഇതു സംബന്ധിച്ച കുടുതൽ വിവരങ്ങൾ വകുപ്പിന്റെ www.kirtads.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയക്ടർക്കുവേണ്ടി
Administrative Officer
Kerala Institute for Research Training and Development Studies of Sch.Castes&Sch.Tribes (KIRTADS), Chevayur.P.O
Kozhikode - 673017

(മറുപുറം)

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. കലക്ടറേറ്റ്, കോഴിക്കോട്
3. വില്ലേജ് ഓഫീസ്, ചേവായൂർ
4. താലൂക്ക് ആഫീസ്, കോഴിക്കോട്
5. ഓഫീസ് പകർപ്പ്
6. കരുതൽ ഫയൽ
7. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

AVP 7/3/2020